# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 5912. 19.11.2019- ൽ മറുപടിക്ക്**

## ഹാന്റക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഹാന്റക്സിന്റെ രൂപീകരണ ഉദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഉദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ടി സ്ഥാപനത്തിന് കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) കൈത്തറി വ്യവസായം ഭദ്രമായ വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും കൈത്തറി സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കൈത്തറി ഉത്പന്നങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്യുകയുമാണ് ഹാന്റക്സിന്റെ ലക്ഷ്യം. സംഘങ്ങളിൽ നിന്നും കൈത്തറി തുണിത്തരങ്ങൾ സംഭരിച്ച് ഹാന്റക്സ് ഷോറൂമുകളിലൂടെ വിപണനം നടത്താൻ സാധിക്കുന്നുണ്ട്. |
| (ബി) പ്രൈമറി സഹകരണ സംഘങ്ങളിൽ വൻതോതിൽ തുണികൾ കെട്ടികിടക്കുമ്പോൾ അത് വിറ്റഴിക്കാൻ താല്പര്യം കാണിക്കാതെ അന്യസംസ്ഥാനത്ത് നിന്നും തുണികൾ വാങ്ങുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് വെളിപ്പെടുത്താമോ; | (ബി) പ്രൈമറി സഹകരണ സംഘങ്ങളിൽ വൻതോതിൽ തുണികൾ കെട്ടികിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹാന്റക്സിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി അംഗസംഘങ്ങളിൽ ലഭ്യമല്ലാത്ത അന്യ സംസ്ഥാന കൈത്തറി തുണിത്തരങ്ങൾ ഉത്സവകാലങ്ങളിൽ സംഭരിച്ച് വിപണനം നടത്താറുണ്ട്. |
| (സി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങൾക്ക് സഹായകമായ രീതിയിൽ ഹാന്റക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) ഈ സർക്കാർ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ഹാന്റക്സ് ഷോറൂമുകളുടെ നവീകരണത്തിന് 3.26 കോടി രൂപയും, ഹാന്റക്സ് ഗാർമെന്റ്സ് നവീകരണത്തിന് 3.15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൈത്തറി സുരക്ഷ പദ്ധതി എന്ന നൂതന പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 2019-20 വർഷത്തിൽ 1.80 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ